പത്ര-ദൃശ്യ-മാധ്യമ പ്രവർത്തകർ

63 (T*1534) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രവിതരണ രംഗത്ത് എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പത്ര-ദൃശ്യ മാധ്യമ രംഗത്ത് ഏതെല്ലാം വിഭാഗങ്ങളിലായി എത്ര പേർ പ്രവർത്തിച്ചുവരുന്നു;

(സി) പത്ര-ദൃശ്യ മാധ്യമങ്ങളുടെ ഭാഗമായി മാനേജ്മെന്റ്, പ്രൊഡക്ഷൻ, പരസ്യം, വിതരണം തുടങ്ങിയ മേഖലകളിൽ നിലവിൽ പ്രവർത്തിച്ചുവരുന്നവരുടെ എണ്ണം വിശദമാക്കാമോ;

(ഡി) പത്ര ദൃശ്യ മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഹൗസിംഗ് പദ്ധതി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; എത്ര പത്രപ്രവർത്തകർക്ക് എവിടെയെല്ലാം സർക്കാർ പദ്ധതിയിലൂടെ വീടും ഭൂമിയും ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) ഏതെല്ലാം വിഭാഗങ്ങൾക്ക് നിലവിൽ ക്ഷേമനിധിയോ പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ട്; ഇവയൊന്നും ഇല്ലാത്ത പ്രസ്തുത രംഗത്തെ വിഭാഗങ്ങൾ ഏതൊക്കെ; വിശദമാക്കുക?

ഉത്തരം

(എ-സി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) 24-7-1978-ലെ ജി.ഒ. (ആർ.ടി.) 1185/78/L&HSG നമ്പർ ഉത്തരവ് പ്രകാരം 1955-ലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിനായി സബ്സിഡി അനുവദിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള 'പത്രപ്രവർത്തക ഭവന പദ്ധതി' പ്രകാരമുള്ള സബ്സിഡി തുക ഭവന നിർമ്മാണ ബോർഡ് മുഖേന അനുവദിച്ച് വരുന്നുണ്ട്. 2014-15 വരെയുള്ള വർഷങ്ങളിൽ സബ്സിഡി അനുവദിക്കുന്നതിനായി സർക്കാർ അനുവദിച്ച 214.53 ലക്ഷം രൂപ ഉപയോഗപ്പെടുത്തി 584 പത്രപ്രവർത്തകർക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ താഴെപറയും പ്രകാരം പത്രപ്രവർത്തകർക്ക് സർക്കാർ പദ്ധതിയിലൂടെ വീടും സ്ഥലവും ലഭ്യമാക്കിയിട്ടുണ്ട് :

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം :

എൻ.സി.സി. നഗർ ഭവന പദ്ധതിയിൽ 54 പേർക്ക് വീടും സ്ഥലവും അനുവദിച്ചു. ഇതിൽ ഒരാൾ ഫ്ലാറ്റ് തിരികെ ബോർഡിനെ ഏൽപ്പിച്ചു

കൊല്ലം :

കടപ്പാക്കട ഭവന പദ്ധതിയിൽ 11 പത്രപ്രവർത്തകർക്ക് പ്ലോട്ടുകൾ അനുവദിച്ചു

കോട്ടയം :

കുഞ്ഞിക്കഴി (വാർത്താ നഗർ) ഭവന പദ്ധതിയിൽ 14 പേർക്ക് വീടും സ്ഥലവും അനുവദിച്ചു

പാലക്കാട് :

വാർത്താനഗർ ഭവന പദ്ധതിയിൽ 2 പേർക്ക് വീടും 2 പേർക്ക് സ്ഥലവും അനുവദിച്ചു

കോഴിക്കോട് :

ബിലാത്തിക്കുളം ഭവന പദ്ധതിയിൽ 24 പത്രപ്രവർത്തകർക്ക് ഫ്ലാറ്റുകൾ അനുവദിച്ചു.

(ഇ) പത്രപ്രവർത്തക, അവശ പത്രപ്രവർത്തക, പ്രമുഖ പത്രപ്രവർത്തക, പത്ര പ്രവർത്തകേതര എന്നീ പെൻഷനുകളും അവരുടെ ആശ്രിത പെൻഷനുകളുമാണ് വിവര പൊതുജന സമ്പർക്ക വകുപ്പ് വഴി നൽകിവരുന്നത്. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം സിനിമ, ഇലക്ട്രോണിക്സ് മാധ്യമം, കേബിളും, കേബിൾ ശൃംഖലയിലും പ്രവർത്തിക്കുന്നവർക്ക് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതും അപ്രകാരം ക്ഷേമനിധി പദ്ധതി പ്രകാരമുള്ള പെൻഷനുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹരാകുന്നതുമാണ്. പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധിയോ പെൻഷനോ വകുപ്പിൽ നിന്നും നൽകിവരുന്നില്ല.

ഹൃദയ സ്കീം

64 (1535) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിശങ്കരന്റെ ജന്മഭൂമിയായ കാലടിയെ കേന്ദ്രസർക്കാരിന്റെ ഹൃദയ സ്കീമിൽ ഉൾപ്പെടുത്തി ഹെറിറ്റേജ് സിറ്റിയായി പ്രഖ്യാപിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടി എന്തെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly